# KERALA ELECTRICITY EMPLOYEES' CONFEDERATION
# INTUC

KEEC

( Reg.No. 01-14/87- Aff. 10485 )
V.P. MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
Phone: 0471-2471087, Fax: 0471-2471087
Email: keecintuchq@gmail.com, Web: www.intuckeec.com

| PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|
| K.P. DHANAPALAN Ex.M.P | SIBYKUTTY FRANCIS | V. GOPAKUMAR |


No. KEEC/GL/2015

തിരുവനന്തപുരം
15-06-2015

സ്വീകർത്താവ്

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവൻ, പട്ടം
തിരുവനന്തപുരം

സർ,

വിഷയം: വിവിധ പ്രമോഷനുകൾ നടത്തുന്നത് സംബന്ധിച്ച്

പുതിയതായി നിലവിൽ വന്നിട്ടുള്ള സെക്ഷനുകളിൽ ഒഴിവുകൾ അനുവദിക്കുന്നത് നിരോധിച്ചുകൊണ്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉത്തരവിറക്കിയിരുന്നു. എന്നാൽ 2012 ൽ പുതിയ 60 സെക്ഷനുകളിൽ ഓവർസിയർ വരെയുള്ള ഒഴിവുകൾ അനുവദിച്ച് ഉത്തരവിറക്കിയിരുന്നു. മേൽ സെക്ഷനുകളിൽ സബ് എഞ്ചിനീയർ, സീനിയർ അസിസ്റ്റന്റ്, കാഷ്യർ, അസിസ്റ്റന്റ് എഞ്ചിനീയർ, സീനിയർ സൂപ്രണ്ട്, മീറ്റർ റീഡർ തുടങ്ങിയ തസ്തികകൾക്ക് അനുവാദം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഒഴിവ് വരുന്ന എല്ലാ തസ്തികകളിലും പ്രമോഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2015 മേയ് മാസത്തിൽ വളരെയധികം റിട്ടർമെന്റും വന്നിട്ടുള്ളതിനാൽ ടി ഒഴിവുകൾ (LM-II, LM-I, Ovr (Ele & Civil), MR, SE, FCA, Cashier, SA, SS, AE) ഇലക്ഷൻ പെരുമാറ്റച്ചട്ടം കഴിഞ്ഞാലുടൻ പ്രമോഷനിലൂടെ നികത്തണമെന്ന് അഭ്യർത്ഥിക്കുന്നു. മുകളിലോട്ടുള്ള പ്രമോഷനുകൾ നടത്തുന്നതുവഴി വർക്കർ പ്രമോഷനും തുടർന്ന് വർക്കർ നിയമനവും പൂർത്തിയാക്കാൻ സാധിക്കും.

സബ് എഞ്ചിനീയർ (സിവിൽ, ഇലക്ട്രിക്കൽ), സീനിയർ അസിസ്റ്റന്റ് വിഭാഗങ്ങളിൽ 15 വർഷമായി ഒരേ തസ്തികയിലിരിക്കുന്നവരും Higher Grade വാങ്ങുന്നവരും ഉണ്ട്. അവർക്ക് പ്രമോഷൻ നൽകുന്നതുകൊണ്ട് ബോർഡിന് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാകുന്നില്ലാത്തതിനാൽ ഈ പ്രമോഷനുകളും ഉടൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Sibykutty

ജനറൽ സെക്രട്ടറി